**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1390** **07-10-2021 - ൽ മറുപടിയ്ക്ക്**

**നോക്ക് കൂലി സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നോക്കുകൂലി സമ്പ്രദായം നിലവിൽ തുടർന്ന് വരുന്നുണ്ടോ എന്ന് അറിയിക്കുമോ; | (എ) | ഏതു സാഹചര്യത്തിലും ചെയ്യാത്ത ജോലിയ്ക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30/04/2018 ൽ ജി.ഒ(ആർ.ടി)നമ്പർ 511/2018/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരത്ത് ഐ.എസ്.ആർ.ഒ. യിൽ കൊണ്ടുവന്ന യന്ത്രഭാഗങ്ങൾ ഇറക്കുന്നതിന് നോക്കുകൂലി ആവശ്യപ്പെട്ടകാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽവന്നിട്ടുണ്ട്. തുമ്പ ഐ.എസ്.ആർ.ഒ/ വി.എസ്.എസ്.സി യിലേയക്ക് വന്ന ഹെവി മെഷീനുകൾ അടങ്ങിയ ലോറി സ്ഥാപനത്തിന് അകത്തേക്ക് കയറ്റുന്നതിന് നോക്കുകൂലി ആവശ്യപ്പെട്ടു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ട ഉടൻ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് നേരിട്ടെത്തി അന്വേഷണം നടത്തിയതിൽ ഈ പ്രശ്നത്തിൽ സ്ഥലത്തെ ചുമട്ടുതൊഴിലാളികൾ ആരും തന്നെ ഉൾപ്പെട്ടിട്ടില്ല എന്ന് ബോധ്യപ്പെട്ടു. പ്രദേശവാസികൾ സംഘടിതമായാണ് ഇപ്രകാരം നോക്കുകൂലി ആവശ്യപ്പെട്ട് പ്രശ്നമുണ്ടാക്കിയത്. ഇതിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരെ കൂടാതെ പോലീസ്, സി.ഐ.എസ്.എഫ് എന്നിവരും ഇടപെട്ട് പ്രശ്നങ്ങൾ സൃഷ്ടിച്ചവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി പ്രശ്നം പരിഹരിച്ചു. |
| (സി) | വ്യാപകമായി കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൾപ്പടെയുള്ള വസ്തുക്കൾക്ക് നോക്ക് കൂലി ആവശ്യപ്പെടുന്നവർക്കെതിരെ നിലവിൽ എന്ത് നടപടിയാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റൻറ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങികൊടുക്കുകയും ചെയ്യുന്നു. തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ |

| | | | |
|---|---|---|---|
| | | | കേരള ചുമട്ടു തൊഴിലാളി ചട്ടം 26 എ(4)-ൽ അനുശാസിക്കുന്നവിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| (ഡി) | സംസ്ഥാനത്തേക്ക് വ്യവസായങ്ങൾ വരുന്നതിന് വലിയ തടസ്സമായി നിൽക്കുന്ന നോക്കുകൂലി തടയുന്നതിന് എന്തെല്ലാം നിയമ നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | ഏതു സാഹചര്യത്തിലും ചെയ്യാത്ത ജോലിയ്ക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30/04/2018 ൽ ജി.ഒ(ആർ.ടി)നമ്പർ 511/2018/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നോക്കുകൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അസിസ്റ്റൻറ് ലേബർ ഓഫീസർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ ഇടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങികൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടു തൊഴിലാളി ചട്ടം 26 എ(4)-ൽ അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയുംചെയ്യും. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട് കൂടാതെ സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ തൊഴിലാളി യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി ഇക്കാര്യം ചർച്ച ചെയ്യുകയും ഇത്തരം പ്രവണതകൾ ഒരുതരത്തിലും അംഗീകരിക്കില്ലെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ